പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2909 **29-10-2026-ൽ മറുപടിയ്ക്ക്**

പുന്നോൽ റെയിൽവെ ഓവർ ബ്രിഡ്ജ് നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കാരായി രാജൻ ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) തലശ്ശേരി മണ്ഡലത്തിലെ പുന്നോൽ റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

മറുപടി: തലശ്ശേരി നിയോജകമണ്ഡലത്തിലെ ലെവൽ ക്രോസ് നം. 224 ന പകരമായി നിർമ്മിക്കുന്ന പുന്നോൽ റെയിൽവേ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണ ചുമതല 19.04.2018 ലെ സ.ഉ(സാധാ)നം.718/2018/PWD പ്രകാരം ആർ.ബി.ഡി.സി.കെ യെ ഏൽപ്പിച്ചിരുന്നു. തുടർന്ന് ഭൂമി ഏറ്റെടുക്കലിനും നിർമ്മാണത്തിനുമായി 38.56 കോടി രൂപ കിഫ്ബി അംഗീകരിക്കുകയും ചെയ്തു. എന്നാൽ KRDCL ന്റെ സിൽവർ ലൈൻ പദ്ധതി കാരണം പ്രവൃത്തി വൈകുകയുണ്ടായി. തുടർന്ന് 01.06.2026 ന് റെയിൽവേ GAD അംഗീകാരം നൽകിയിട്ടുണ്ട്. അംഗീകരിച്ച GAD പ്രകാരമുള്ള അലൈൻമെന്റ് അനുസരിച്ച് 26.09.2026 ന് ഭൂമി ഏറ്റെടുക്കലിനായി അർത്ഥനാപത്രം കണ്ണൂർ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഇനി എന്തൊക്കെ നടപടികളാണുള്ളതെന്ന് വ്യക്തമാക്കാമോ?

മറുപടി: സ്ഥലം ഏറ്റെടുത്ത ശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ